നം. സി.ഇ.ഇ/1717/2010/കെഇഎഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

## 2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള അവസാന ഘട്ട അലോട്ടുമെന്റ് (ഏഴാം ഘട്ടം) 04.10.2011 ന് പ്രസിദ്ധീകരിച്ചു

2011 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ടുമെന്റിലേക്ക് (ഏഴാം ഘട്ടം), വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും 29.09.2011 മുതൽ 02.10.2011 വരെ സൗകര്യം നൽകിയിരുന്നു. 02.10.2011 ന് വൈകുന്നേരം 5 മണി വരെ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അവസാന ഘട്ട അലോട്ടുമെന്റ് (ഏഴാം ഘട്ടം) **04.10.2011** ന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഇതിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

അവസാന ഘട്ട അലോട്ടുമെന്റ് (ഏഴാം ഘട്ടം) പ്രകാരം കോളേജ്/കോഴ്സ് മാറ്റം ലഭിക്കുന്നവർ/പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ, ഫീസ്/അധിക ഫീസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിൽ **10.10.2011 മുതൽ 15.10.2011 വരെ** തീയതികളിൽ ഒടുക്കിയതിനുശേഷം അതാതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. SBT ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**അവസാന ഘട്ട അലോട്ട്മെന്റ് (ഏഴാം ഘട്ടം) ആയതിനാൽ അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും അതത് കോളേജ്/കോഴ്സുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്.**

**15.10.2011 ന്** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

എഞ്ചിനീയറിംഗ്/ആയുർവ്വേദ കോഴ്സുകൾക്കുള്ള അലോട്ടുമെന്റ് ബഹു:ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിലെ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ).

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
04.10.2011